# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2006 — 4.11.2019 ലെ മറുപടിയ്ക്ക്

## അപകടങ്ങൾ കുറയ്ക്കുന്നതിന് രാത്രികാല സ്പീഡ് ബ്രേക്കറുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഡോ.എം.കെ.മുനീർ<br>ശ്രീ.ടി.വി.ഇബ്രാഹിം<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മദ്യപിച്ചും അമിതവേഗതയിലും വാഹനം ഓടിക്കുന്നതിനെ-ത്തുടർന്ന് രാത്രികാലങ്ങളിൽ അപകടങ്ങൾ വർദ്ധിച്ചു വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | കണ്ടെത്തിയിട്ടുണ്ട്. കഴിഞ്ഞ മൂന്നു വർഷത്തെ കണക്കുകൾ ചുവടെ ചേർക്കുന്നു. (പട്ടിക താഴെ) |
| (ബി) | ഇപ്രകാരം വാഹനം ഓടിക്കുന്നവരെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ; | (ബി) | വാഹന പരിശോധന നടത്തി മദ്യപിച്ച് വാഹനം ഓടിക്കുന്നവരെ Alcohol Breath Analyzer ടെസ്റ്റ് നടത്തിയും, വൈദ്യ പരിശോധന നടത്തിയും കണ്ടെത്തുന്നു. Vehicle Mounted Speed Radar, Speed Detection Camera മുതലായവ ഉപയോഗിച്ച് അമിത വേഗത്തിൽ വാഹനം ഓടിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിച്ചുവരുന്നു. |

| വർഷം | മദ്യപിച്ച് വാഹനം ഓടിക്കുന്നതിനെത്തുടർന്ന് രാത്രി കാലങ്ങളിൽ ഉണ്ടായ അപകടങ്ങൾ (18.00 hrs to 06.00 hrs) | അമിത വേഗതയിൽ വാഹനം ഓടിക്കുന്നതിനെത്തുടർന്ന് രാത്രി കാലങ്ങളിൽ ഉണ്ടായ അപകടങ്ങൾ (18.00 hrs to 06.00 hrs) |
|---|---|---|
| 2016 | 48 | 6665 |
| 2017 | 44 | 6323 |
| 2018 | 40 | 7245 |
| ആകെ | 132 | 20233 |

| | | | |
|---|---|---|---|
| (സി) | ഇത്തരം സ്ഥലങ്ങളിൽ രാത്രികാല സ്പീഡ് ബ്രേക്കറുകൾ സ്ഥാപിച്ച് അപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | വാഹനാപകടങ്ങൾ കൂടുതൽ റിപ്പോർട്ട് ചെയ്യുന്ന സ്ഥലങ്ങളിൽ അപകടങ്ങൾ കുറയ്ക്കുന്നതിന് സ്പീഡ് ബ്രേക്കറുകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ.**